**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2481** **12-02-2024 - ൽ മറുപടിയ്ക്ക്**

**കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി സൗഹൃദ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഭിന്നശേഷി സൗഹൃദ പാർക്കിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ സ്ഥലം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ എന്തായെന്ന് വിശദമാക്കാമോ; | (എ) | 04.01.2024 തീയതിയിലെ LSGD/PD/44938/2023-REV-5 നമ്പർ കത്ത് പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ ഭിന്നശേഷി സൗഹൃദ പാർക്കിനായി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്റെ സ്ഥലം സാമൂഹ്യനീതി വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആർ.ഇ1/8/2024/ത.സ്വ.ഭ.വ. നമ്പർ ഫയലിൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. ഈ ഫയൽ നിലവിൽ സാമൂഹ്യനീതി വകുപ്പ് പരിശോധിച്ചുവരുന്നു. |
| (ബി) | ഇതിനായി സാമൂഹ്യനീതി ഡയറക്ടേറ്റിൽ നിന്നും കാട്ടാക്കട ഗ്രാമപഞ്ചായത്തിനോട് 2023 സെപ്റ്റംബർ 10ന് റിപ്പോർട്ട് ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങളും തുടർനടപടികളും വ്യക്തമാക്കാമോ? | (ബി) | സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും കാട്ടാക്കട ഗ്രാമപഞ്ചായത്തിനോട് 2023 സെപ്റ്റംബർ 10-ാം തീയതിയിൽ റിപ്പോർട്ടുകൾ ഒന്നും തന്നെ ആവശ്യപ്പെട്ടിട്ടില്ലായെന്നും പ്രസ്തുത തീയതിയിൽ റൂറൽ ഡയറക്ടറുടെ കത്ത് ലഭ്യമായിട്ടുണ്ടെന്നും കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്ന വകുപ്പിൽ നിന്നുമുള്ള കത്ത്, ടി ഭൂമി നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്നുള്ള അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, ഭൂമി നിശ്ചിത ആവശ്യത്തിനായി ആർജ്ജിച്ചതാണെങ്കിൽ അത് ഉപയോഗിച്ചിട്ടുണ്ടോ എന്നുള്ള റിപ്പോർട്ട് എന്നീ രേഖകൾ ലഭ്യമാക്കുന്നതിനായി 2023 സെപ്റ്റംബർ 10-ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകുകയും 23.11.2023 തീയതിയിലെ എസ്.സി.2/5169/2022 നമ്പർ കത്ത് പ്രകാരം കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ടി രേഖകൾ ലഭ്യമായതിനെ തുടർന്ന് പ്രസ്തുത രേഖകൾ അടക്കമുള്ള പ്രൊപ്പോസലാണ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.01.2024 തീയതിയിലെ LSGD/PD/44938/2023-REV-5 |

| | | | |
|---|---|---|---|
| | | | നമ്പർ കത്ത് പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ